# Desabhimani
# 21 August 2018
# Thiruvananthapuram; Hoarding, Black Market; Strict Action, Moratorium on Agricultrual Loans

## പൂഴ്ത്തിവയ്പ്, കരിഞ്ചന്ത: കർശന നടപടി

**തിരുവനന്തപുരം**

അവശ്യസാധനങ്ങൾ പൂഴ്ത്തിവയ്ക്കുകയും അനിയന്ത്രിതമായി വില ഈടാക്കുകയും ചെയ്യുന്ന കച്ചവടക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഭക്ഷ്യമന്ത്രി പി തിലോത്തമൻ. ചില സ്ഥലങ്ങളിൽ കച്ചവടക്കാർ സ്റ്റോക്കുണ്ടായിട്ടും അവശ്യസാധനങ്ങൾ നൽകുന്നില്ല. ചിലർ തോന്നിയപോലെ വില ഈടാക്കുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടൻ നടപടിയെടുത്തു. വരുംദിവസങ്ങളിൽ ഇത് കൂടുതൽ കർശനമാക്കും. കലക്ടർമാരുടെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി വകുപ്പിന്റെ സഹായത്തോടെ ഭക്ഷ്യം, പൊതുവിതരണം, ഉപഭോക്തൃ വകുപ്പുകളുടെ സംയുക്തസംഘങ്ങൾ കടകളിൽ പരിശോധന നടത്തും. ക്രമക്കേട് കണ്ടെത്തിയാൽ ചരക്കുകൾ കണ്ടുകെട്ടും. വ്യാപാരിയെ അറസ്റ്റ് ചെയ്യും. ഒരുവർഷംവരെ തടവ് ലഭിക്കാവുന്ന കുറ്റമാണിത്. ക്രമക്കേട് നടത്തുന്ന വ്യാപാരികളെപ്പറ്റിയുള്ള വിവരം സർക്കാരിന് കൈമാറണം. ഇക്കാര്യത്തിൽ ഉപഭോക്താക്കളുടെ സഹായവും വേണം. സംസ്ഥാനത്ത് ഭക്ഷ്യക്ഷാമമുണ്ടാകും, അനിയന്ത്രിതമായി വില വർധിക്കും എന്നൊക്കെയുള്ള വ്യാജവാർത്തകൾ പ്രചരിക്കുന്നുണ്ട്. ആവശ്യത്തിന് ധാന്യം സ്റ്റോക്കുണ്ട്. ഒരു കാരണവശാലും വിലവർധിപ്പിക്കില്ലെന്ന് വ്യാപാരി സംഘടനാ പ്രതിനിധികൾ ഉറപ്പു നൽകിയിട്ടുണ്ട്. മാത്രമല്ല, റിലയൻസ്, ബിഗ്ബസാർ, ബിസ്മി തുടങ്ങിയ സ്ഥാപനങ്ങൾ വിലകുറച്ച് നൽകാമെന്നും ഉറപ്പുനൽകി.

റോഡുകൾ താറുമാറായതിനാൽ ചരക്ക് നീക്കം സുഗമമാകുന്നില്ല. പക്ഷേ രണ്ടു ദിവസത്തിനകം ഇത് ശരിയാകും. ഇതോടെ പരാതിക്കിടയില്ലാത്തവിധം വസ്തുക്കൾ എത്തിക്കാനാകും. പെട്രോളും മറ്റ് വസ്തുക്കളും പൊലീസ് സംരക്ഷണത്തോടെ കൊണ്ടുവരും. നിലവിൽ പെട്രോൾ, ഡീസൽ ക്ഷാമമില്ല. എല്ലാവിധ പിന്തുണയും നൽകാമെന്ന് പെട്രോളിയം കമ്പനികളും പമ്പുടമകളും വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

## കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം

**തിരുവനന്തപുരം**

സംസ്ഥാനത്ത് കാർഷികമേഖലയിലുണ്ടായ കനത്ത നഷ്ടം പരിഗണിച്ച് കാർഷിക കടങ്ങൾക്കുള്ള പലിശയ്ക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചു. കാർഷിക കടങ്ങളുടെ തിരിച്ചടവ് അഞ്ചുവർഷത്തേക്ക് പുനഃക്രമീകരണം ചെയ്തതായും കൃഷിമന്ത്രി വി എസ് സുനിൽ കുമാർ അറിയിച്ചു. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി യോഗത്തിൽ മന്ത്രിയുടെ അഭ്യർഥന പ്രകാരമാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തത്.

കാർഷിക കടങ്ങൾക്ക് സർഫേസി ആക്ട് പ്രകാരം ജപ്തി നടപടി സ്വീകരിക്കില്ലെന്നും അധികൃതർ ഉറപ്പുനൽകി. 2.8 ലക്ഷം കർഷകരുടെ 46,000 ഹെക്ടർ കൃഷിയാണ് നശിച്ചത്. 1050 കോടിയുടെ നാശനഷ്ടമുണ്ടായതായാണ് പ്രാഥമിക കണക്ക്.